(ഡി) പ്രസ്തുത ലൈസൻസ് യഥാസമയം പുതുക്കുന്നതിനും പ്രസ്തുത സേവന മേഖല കാര്യക്ഷമമായി നിലനിർത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന 25 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളിൽ 21 ആംബുലൻസുകൾ പ്രവർത്തനക്ഷമമാണ്. 4 എണ്ണം വാർഷിക ഫിറ്റ്നെസ് ടെസ്റ്റിന് വേണ്ടിയുള്ള ജോലികൾക്കായി വർക്ക്ഷോപ്പിൽ ആണ്. ആലപ്പുഴ ജില്ലയിൽ 11 ആംബുലൻസുകൾ പ്രവർത്തനക്ഷമവും, 6 ആംബുലൻസുകൾ വാർഷിക ഫിറ്റ്നസ് ടെസ്റ്റിന് വേണ്ടിയുള്ള ജോലികൾക്കായി വർക്ക്ഷോപ്പിലുമാണ്. ഒരു ആംബുലൻസ് പ്രവർത്തന സജ്ജമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല. ആംബുലൻസുകളുടെ എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി പുതുക്കാത്തത് ആംബുലൻസുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

(ഡി) എക്സ്പ്ലോസീവ് ലൈസൻസ് യഥാസമയം പുതുക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻ.ആർ.എച്ച്.എം.-ന്റെ 33 പദ്ധതികൾ

86 (2295) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. നടപ്പിലാക്കിവരുന്ന 33 പദ്ധതികളിൽ ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും ഓരോ പദ്ധതിക്കുമായി എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവാക്കിയെന്നും കേന്ദ്ര, സംസ്ഥാന വിഹിതം ഉൾപ്പെടെ വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി നിയോഗിക്കപ്പെട്ട സർക്കാർ ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും വിവരം വെളിപ്പെടുത്തുമോ ; 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ശമ്പളയിനത്തിലും മറ്റുമായി ഇവർക്കായി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത 33 പദ്ധതികൾക്കുമായി ഓരോ ജില്ലയിലും നടത്തിയ പ്രവർത്തന റിപ്പോർട്ട് 2011-12 മുതൽ 2014-15 വരെ വർഷം തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത നാലുവർഷക്കാലയളവിൽ പദ്ധതി നടത്തിപ്പുകൾക്ക് നേരിട്ട പ്രതിസന്ധികളും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ;

(ഇ) കേന്ദ്ര ഫണ്ട് ട്രഷറി സംവിധാനത്തിലാക്കിയത് എന്ന മുതലാണെന്നും തത്ഫലമായി ഫലപ്രദമായ പദ്ധതി നടത്തിപ്പ് സാധ്യമായോയെന്നും തന്മൂലം തടസ്സങ്ങൾ നേരിട്ടോയെന്നും വിശദമായ റിപ്പോർട്ട് നൽകാമോ ?

(എഫ്) എൻ.ആർ.എച്ച്.എം. പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള പ്രതിസന്ധികളും നടത്തിപ്പുകളും സംബന്ധിച്ച് ഒരു വിദഗ്ധ സംഘത്തിന്റെ പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ ആരോഗ്യമിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളും ചെലവാക്കിയ തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) പദ്ധതിയുടെ നടത്തിപ്പിനായി നേരിട്ട് നിയമിച്ച ജീവനക്കാരുടെ ശമ്പളവും മറ്റുചെലവുകളും സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	പദ്ധതിയുടെ നടത്തിപ്പിനായി നേരിട്ട് നിയമിച്ച ജീവനക്കാരുടെ ശമ്പളവും മറ്റ ചെലവുകളും (രൂപ ലക്ഷത്തിൽ)
2011-12	6098.53
2012-13	10276.38
2013-14	10058.80
2014-15	9956.68
ആകെ	36390.39

ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി സംസ്ഥാനതലത്തിൽ നിയോഗിക്കപ്പെട്ട സർക്കാർ ജീവനക്കാരുടേയും താൽക്കാലിക ജീവനക്കാരുടേയും വിവരം അനുബന്ധം- 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly